(ബി) വടകര താലൂക്കിലെ മടപ്പള്ളി സർക്കാർ കോളേജിൽ എം.എ. ഇംഗ്ലീഷ്, എം.എസ്സി. ബോട്ടണി, ബി.എ. മലയാളം എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്. എം.എസ്സി. മാത്സ് കോഴ്സ് ആരംഭിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടില്ല. ശിപാർശ ചെയ്ത കോഴ്സുകൾ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

കോടഞ്ചേരി സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

91(780) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടഞ്ചേരി സർക്കാർ കോളേജിൽ ഏതെല്ലാം പുതിയ കോഴ്സുകൾ തുടങ്ങുന്നതിനാണ് ശിപാർശ നൽകിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) ശിപാർശ ചെയ്തിരിക്കുന്ന കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(സി) കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോടഞ്ചേരി സർക്കാർ കോളേജിൽ ബി.എ. ഹിസ്റ്ററി, എം.കോം എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

(ബി&സി) കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

മുക്കം എം. എ. എം. ഒ. കോളേജിൽ പുതിയ തസ്തികകൾ

92(781) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മുക്കം എം.എ.എം.ഒ. കോളേജിൽ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 2005-ൽ മുഴുവൻ അദ്ധ്യാപക തസ്തികകളും, പ്ലസ്വൺ സയൻസ്, പ്ലസ്വൺ കോമേഴ്സ് എന്നീ കോഴ്സുകളും ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോളേജിൽ 2006 അദ്ധ്യയനവർഷത്തിൽ ജൂനിയർ എച്ച്.എസ്.എസ്.ടി.ഗ്രേഡിലേക്ക് ഉയർത്തപ്പെടേണ്ട 5 തസ്തികകളും, പുതുതായി സൃഷ്ടിക്കേണ്ട 4 തസ്തികകളും അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ നാലുവർഷമായി പ്രസ്തുത തസ്തികകൾ അനുവദിക്കാത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകൾ അനുവദിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകൾ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ മുക്കത്ത് എം.കെ.എൻ.എം.ഒ.എച്ച്. എസ്.എസ്. എന്ന പേരിൽ ഒരു ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചിട്ടുണ്ട്.

(ബി) 51 സ്കൂളുകളിൽ പുതുതായി സൃഷ്ടിക്കേണ്ടതും അപ്ഗ്രേഡ് ചെയ്യേണ്ടുന്നതുമായ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച ശിപാർശ പരിഗണനയിലുണ്ട്.

(സി-ഇ) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിഗണനയിലാണ്.

കാസർഗോഡ് ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ നിർമ്മാണം

33(782) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവ. കോളേജ് ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്ര ; പണി പൂർത്തിയാകുമ്പോൾ എന്തുതുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കോളേജിൽ പശ്ചാത്തല വികസനത്തിലും പഠനകാര്യത്തിലും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കോളേജിൽ ബി.എ. മലയാളം കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly